പാസ്സായശേഷം മതിയായ സമയം ഈ സാമ്പത്തിക വർഷം അവസാനിക്കുന്നതിനുമുൻപ് ഇല്ലാത്തതു കൊണ്ടും സംസ്ഥാനം സാമ്പത്തിക ബുദ്ധിമുട്ടുകൾ നേരിടുന്നതുകൊണ്ടും തുക റിലീസ് ചെയ്യാൻ സാധിക്കാതെ വന്നതാണ്. ഈ വസ്തുതകൾ കണക്കിലെടുത്ത് അടുത്ത സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ആവശ്യമായ തുക അനുവദിക്കുന്ന കാര്യത്തിൽ ബന്ധപ്പെട്ട ചീഫ് എൻജിനീയറുമായി ആലോചിച്ച് ഉചിതമായ തീരുമാനം എടുക്കുന്നതാണ്.

(10) കേരഫെഡിലെ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തേണ്ടത് സംബന്ധിച്ച്

<u>ശ്രീ. അടൂർ പ്രകാശ്</u> : സർ, കരുനാഗപ്പള്ളിയിൽ പ്രവർത്തിക്കുന്ന കേരഫെഡ് ഫാക്ടറിക്ക് തുടക്കം കുറിച്ചത് 1991 ഏപ്രിൽ 8-ാം തീയതിയാണ്. ഒൻപത് വർഷം കഴിഞ്ഞിട്ടും അവിടെ പണിചെയ്യുന്ന് കാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടി ആയിട്ടില്ല. ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് അവിടെയുള്ള എല്ലാ തൊഴിലാളി യൂണിയനുകളും സംയുക്തമായി കാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം നിരന്തരമായി ഉന്നയിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ ചെയർമാനായിരുന്ന ശ്രീ. വി.കെ. രാജൻ കൃഷി വകുപ്പുമന്ത്രി ആയിരിക്കുമ്പോൾ '96 ആഗസ്റ്റ് മാസം 3-ാം തീയതി തൊഴിലാളികളെ സംയുക്തമായി അവിടെ വിളിച്ചുകൂട്ടുകയും അതിന്റെ അടിസ്ഥാനത്തിൽ നടന്ന ചർച്ചയിൽ എത്രയും പെട്ടെന്ന് ഈ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാം എന്ന് അന്ന് അദ്ദേഹം ഉറപ്പ് നൽകുകയുണ്ടായി. എന്നാൽ ഇതുവരെയും ഇതിനാവശ്യമായ നടപടികൾ ഉണ്ടായിട്ടില്ല എന്നുമാത്രമല്ല, 24/2/97-ന് മാനേജ്മെന്റും തൊഴിലാളി പ്രതിനിധികളുമായി ഒരു ചർച്ച നടത്തുകയുണ്ടായി. അന്ന് ചർച്ചയ്ക്ക് വിളിച്ചപ്പോൾ അജണ്ടയിൽ ഒന്നാമതായി ഉൾപ്പെടുത്തിയിരിക്കുന്നത് ഓയിൽ മില്ലിലെ കാഷ്വൽ തൊഴിലാളികളെ സ്ഥിരപ്പെടുത്തണം എന്നതാണ്. അതിനുള്ള നടപടികൾ ഇതുവരെയും ആയിട്ടില്ല. അടിയന്തിരമായി ഇവരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u>) : സർ, 1992-93-ലാണ് കരുനാഗപ്പള്ളിയിൽ കേരഫെഡിന്റെ പ്രവർത്തനം ആരംഭിച്ചത്. ഇത് ആരംഭിച്ചപ്പോൾ മുതൽ സമീപപ്രദേശങ്ങളിൽനിന്ന് 140 പേർ കാഷ്വൽ തൊഴിലാളികളായിട്ടും 1989-മുതൽ 18 പേർ പ്യൂൺ, ഡ്രൈവർ തസ്തികകളിൽ ദിവസക്കൂലിക്കാരായിട്ടും ജോലി ചെയ്യുന്നുണ്ട്. ഈ തൊഴിലാളികൾക്കും ഒരു നിശ്ചിത ശമ്പളവും ഡി.എ.യും നൽകി സർവ്വീസിൽ സ്ഥിരപ്പെടുത്തണമെന്ന് കേരഫെഡിന്റെ ഡയറക്ടർ ബോർഡ് ചർച്ച ചെയ്ത് ഗവൺമെന്റിൽ നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്. ധനകാര്യവകുപ്പും സഹകരണവകുപ്പും ഈ നിർദ്ദേശത്തോട് യോജിക്കുന്നില്ല എന്നതാണ് ഇപ്പോഴത്തെ സ്ഥിതി. വീണ്ടും ഇതിൽ ചർച്ച ആവശ്യമാണ്. വീണ്ടും ചർച്ച നടത്തി ഇവരെയെങ്ങനെ സ്ഥിരപ്പെടുത്താൻ കഴിയുമെന്നതിനെ സംബന്ധിച്ച് പരമാവധി സഹായകമായ നിലപാട് സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly